# സദാചാരവും വസ്ത്രധാരണവും

■ *"സദാചാരവും വസ്ത്രധാരണവുമായി യതൊരു ബന്ധവും ഇല്ല. മാറ് തുറന്നിട്ട് നടക്കുന്ന ദക്ഷിണാഫ്രിക്കയിലെ ഗോത്ര വർഗത്തിനിടയിൽ ബലാത്സംഗമോ സ്ത്രീപീഡനമോ നടക്കു ന്നേയില്ല. എന്നാൽ മുഖമടക്കം മൂടിക്കെട്ടി നടക്കുന്ന പാക്-അ ഫ്ഗാൻ മേഖലയിലാണ് ലോകത്തിൽ ഏറ്റവും കൂടുതൽ സ്ത്രീപീഡനവും ബലാത്സംഗങ്ങളും നടക്കുന്നത്. പുരുഷ ന്മാർക്ക് സ്വയം നിയന്ത്രിക്കാൻ ആവാത്തതിന് സ്ത്രീകൾ മൂടി ക്കെട്ടി നടക്കണമെന്ന് പറയുന്നത് നീതിയേയല്ല. മാത്രമല്ല പുരു ഷന്റെ സൗന്ദര്യത്തിൽ ആകൃഷ്ടയായി പുരുഷനെ കയറിപ്പി ടിച്ച സ്ത്രീയുടെ കഥയാണ് ഖുർആൻ വിവരിക്കുന്നത്. എന്നിട്ടും പുരുഷന്റെ സൗന്ദര്യം കെട്ടിപ്പൂട്ടിവെക്കണമെന്ന് ഒരു പുരോഹിതനും പണ്ഡിതനും ഫത്വ നൽകുന്നില്ല"*
*ഒരു 'സ്ത്രീപക്ഷ ഇസ്ലാമിക പ്രഭാഷണ'ത്തിലെ ശകലമാണ് മുകളിൽ. മുജീബിന്റെ പ്രതികരണം?*

***ഇബ്നു മഹ്മൂദ്, വടകര***

**വി**വരക്കേടുകളുടെ ഘോഷയാത്രയാണീ പ്രഭാഷണം. സദാചാരം വസ്ത്രധാരണം കൊണ്ട് മാത്രം ഉണ്ടാവുമെന്നോ ഉണ്ടാക്കാമെന്നോ തലക്ക് വെളിവുള്ളവരാരും വാദിക്കുകയില്ല. മനുഷ്യൻ അടിസ്ഥാനപരമായി സ്വീകരിക്കുന്ന ആദർശത്തി ന്റെയും ജീവിതശൈലിയുടെയും ഫലമാണ് സദാചാരം. അല്ലെ ങ്കിൽ വേശ്യകൾ മൂടുപടം ധരിച്ചു നടന്നാലും സദാചാരം ഉണ്ടാ വേണ്ടതാണ്. അതേസമയം, മനുഷ്യപ്രകൃതിയുടെ സ്വാഭാവിക യാഥാർഥ്യങ്ങളെ വിസ്മരിച്ചുകൊണ്ടും സദാചാരം പരിരക്ഷി ക്കാനാവില്ല. പുരുഷന്റെയും സ്ത്രീയുടെയും വേഷവിധാന ങ്ങൾ മാന്യതയുടെയും സഭ്യതയുടെയും സദാചാരബോധത്തി ന്റെയും അടയാളങ്ങൾ തന്നെയാണ്. യുവതികൾ അർധനഗ്നക ളായോ മുഴപ്പിക്കുന്ന രീതിയിലുള്ള അൽപവസ്ത്രധാരിണിക ളായോ വേഷം കെട്ടുന്നതിനെക്കുറിച്ച സാമാന്യശൈലിതന്നെ 'സെക്സി' എന്നാണ്. അതെങ്ങനെ ഉണ്ടായി? മാന്യത ഇഷ്ട പ്പെടുന്ന ചില സിനിമാ താരങ്ങൾതന്നെ അത്തരം വേഷം സാധ്യമല്ലെന്ന് ശഠിക്കുന്നത് എന്തുകൊണ്ടാണ്?

ദക്ഷിണാഫ്രിക്കയിലെ ചില ഗോത്രവർഗങ്ങൾക്കിടയിൽ ബലാത്സംഗങ്ങളോ സ്ത്രീപീഡനമോ നടക്കുന്നില്ല എന്ന് എവി ടെന്ന് കിട്ടിയ വിവരമാണ്? നമ്മുടെ നാട്ടിലെ ഗോത്രവർഗങ്ങളി ലടക്കം സദാചാരവിരുദ്ധ പ്രവർത്തനങ്ങളും സ്ത്രീപീഡന ങ്ങളും നടക്കുന്നുണ്ട്. സദാചാരത്തെക്കുറിച്ച അവരുടെ അജ്ഞതക്ക് കൂടി പങ്കുണ്ട് അവിവാഹിതരായ അമ്മമാരുടെ എണ്ണം ചില ഗോത്രവർഗങ്ങളിൽ വർധിക്കുന്നതിൽ. അത്തരം വർഗക്കാരിലെ പുരുഷന്മാർ ഒരുവേള സ്ത്രീപീഡനത്തിന് ഒരു മ്പെടുന്നില്ലെന്നു വന്നാൽ തന്നെ അവരിലെ സ്ത്രീകളെ പരി ഷ്കൃതരെന്ന് അഭിമാനിക്കുന്ന സമൂഹത്തിലെ പുരുഷന്മാർ കട ന്നാക്രമിക്കാൻ ഒരു നിമിത്തം നഗ്നത പൂർണമായി മറയ്ക്കാതെ നടക്കുന്ന സാഹചര്യം കൂടിയാണ്. സ്ത്രീകൾ മുഖം മൂടി നട ക്കുന്ന പാക്-അഫ്ഗാൻ മേഖലയിലാണ് ലോകത്തേറ്റവും സ്ത്രീപീഡനം നടക്കുന്നതെന്ന കണ്ടെത്തൽ മറ്റൊരു പെരുംകള്ളമാണ്. അഫ്ഗാനിസ്താനിൽ താരതമ്യേന സദാ ചാരം പുലർന്നത് ഇത്തരം കാര്യങ്ങളിൽ കാർക്കശ്യം പുലർത്തിയ താലിബാൻ ഭരണകാലത്തായിരുന്നു. ഇന്ന് ശുദ്ധ തെമ്മാടികളായ നാറ്റോ ഭടന്മാരുടെ വിഹാരരംഗമാണ് പാക്-അഫ്ഗാൻ മേഖല. അവർ നിർദോഷികളായ മുസ്ലിം വനിത കളെ ബലാൽക്കാരം ചെയ്യുന്നത് പർദയുടെ കുറ്റമാണോ?

പുരുഷന്മാർക്ക് ഇസ്ലാം പെരുമാറ്റച്ചട്ടമൊന്നും ഏർപ്പെ ടുത്തിയിട്ടില്ലെന്ന കണ്ടെത്തലാണ് മറ്റൊരു വിഡ്ഢിത്തം. മാന്യ മായി വസ്ത്രധാരണം ചെയ്യണമെന്നും സ്ത്രീകളുമായി നിർബാധം സമ്പർക്കം പുലർത്തരുതെന്നും ദൃഷ്ടികൾ താഴ്ത്തണമെന്നും ആരാന്റെ വീട്ടിൽ സമ്മതം കൂടാതെ പ്രവേ ശിക്കരുതെന്നും സംശയകരമായ സാഹചര്യങ്ങളിലെ പുരുഷ സാന്നിധ്യം ഉപേക്ഷിക്കണമെന്നും മറ്റും *അന്നൂർ, അൽ അഹ്സാബ്* അധ്യായങ്ങളിലൂടെ ഖുർആൻ നൽകിയ അധ്യാപ നങ്ങൾ പിന്നെ ആരെ ഉദ്ദേശിച്ചാണ്?

## ലൈലത്തുൽ ഖദ്റിലെ മലക്കുകൾ

■ *'ലൈലത്തുൽ ഖദ്ർ' എന്ന രാവിൽ അഥവാ വിധി നിർണയരാവിൽ ദൈവത്തിന്റെ മാലാഖമാർ ഭൂമിയിലേക്കി റങ്ങും എന്ന ഖുർആൻ പരാമർശത്തിൽ (സൂറഃ അൽ ഖദ്ർ 97) അക്ഷരാർഥത്തിൽ ഒരു അവ്യക്തത നിലനിൽക്കുന്നില്ലേ? ലൈലത്തുൽ ഖദ്ർ വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത സമ യങ്ങളിലാകുമ്പോൾ ഖുർആന്റെ ഭാഷയിൽ ഭൂമി വെറും പരത്ത പ്പെട്ടതും വിരിക്കപ്പെട്ടതും ആണെന്നു തന്നെയല്ലേ സമർഥിക്ക പ്പെടുന്നത്?*

***ശാദിയാസ് പള്ളിക്കൽ***

**24** മണിക്കൂർ കൊണ്ട് ഭൂഗോളമാകെ രാപ്പകൽ പൂർത്തി യാവും എന്നിരിക്കെ ലൈലത്തുൽ ഖദ്റിലെ മലക്കുകളുടെ ആഗമനം അശാസ്ത്രീയമോ അയുക്തികമോ അല്ല. കാരണം വിശുദ്ധ ഖുർആൻ തന്നെ *ലൈൽ* എന്ന പദം രാത്രി, രാപ്പകൽ എന്നീ അർഥങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. സകരിയ്യ നബി( അ)ക്ക് വാർധക്യകാലത്ത് സന്തതി ഉണ്ടാവുമെന്ന് സുവിശേഷ മറിയിച്ചപ്പോൾ അതിന്റെ പൂർണ വിശ്വാസ്യതക്ക് അദ്ദേഹം അല്ലാഹുവിനോട് ഒരു ദൃഷ്ടാന്തം ആവശ്യപ്പെട്ട സംഭവം ഖുർ ആനിലുണ്ട്. അന്നേരം മൂന്ന് നാളത്തെ മൗനവ്രതമാണ് അദ്ദേ ഹത്തിന് നൽകിയ ദൃഷ്ടാന്തം. മൂന്നു നാൾ എന്നതിന് സൂറഃ *ആലുഇംറാനി*ൽ (41) 'അയ്യാം' എന്ന് പ്രയോഗിച്ചപ്പോൾ സൂറഃ *മർയമി*ൽ (10) *ലയാലിൻ* എന്നാണ് പ്രയോഗം. മൂസാ നബിക്ക് ഗ്രന്ഥം സ്വീകരിക്കാനുള്ള മുന്നൊരുക്കത്തിനായി 40 ദിവസം അല്ലാഹു നിശ്ചയിച്ചപ്പോഴും *ലൈലതൻ* (രാത്രി) എന്നാണ് ഖുർആൻ പ്രയോഗിച്ചത് (2:51). ഭൂമിയിൽ ഒരിടത്ത് രാത്രിയാവു മ്പോൾ മറ്റിടത്ത് പകലാവും; നേരെതിരിച്ചും. രണ്ടും ഉൾക്കൊ ള്ളാൻ പാകത്തിലായിരിക്കും അല്ലാഹു ലൈലത്തുൽ ഖദ്ർ നാളിൽ മലക്കുകളെ അയക്കുകയെന്ന് മനസ്സിലാക്കാം.

## വ്യാജ ശൈഖവതാരങ്ങൾ

■ *"ചെലവുള്ള വസ്തുക്കളിൽ ഡ്യൂപ്പിനുള്ള സാധ്യത കൂടുത ലാണല്ലോ. ഇസ്ലാമിക ആത്മീയരംഗത്തും ഈ പ്രവണത*

*പ്രകടമാണ്. വിവിധ മാർഗങ്ങളിലൂടെ അല്ലാഹുവിലേക്കുള്ള കുറുക്കുവഴികൾ നിർദേശിച്ച് സമൂഹത്തെ മതവിരുദ്ധത യുടെ ചവറ്റുകൊട്ടയിൽ നിക്ഷേപിക്കുന്നിടത്ത് വരെ എത്തിച്ചേർന്നിരിക്കുകയാണ് ചില ശൈഖവതാരങ്ങൾ... ചില ചെപ്പടിവിദ്യകൾ കൊണ്ട് ഭൗതിക സാമ്രാജ്യം സ്ഥാപിക്കുകയാണവർ. മുരീദുമാരുടെ ഭാര്യമാരുമൊത്ത് ഫോട്ടോയെടുക്കാനും മതവിരുദ്ധ വേഷങ്ങളിട്ട് കഥകളി കലാകാരനെപ്പോലെയാവാനും വളയും തളയും ധരിച്ച് കുണുങ്ങി കുഴയാനും വരെ അവർ തയാറെടുക്കുന്നു"* സുന്നി വോയ്സ് *ദ്വൈവാരികയിൽ (2007 സെപ്റ്റംബർ 1-15) എഡിറ്ററുടെ മുഖമൊഴിയിൽ വന്ന ഈ പരാമർശത്തെക്കുറിച്ച് മുജീബിന്റെ പ്രതികരണമെന്ത്?*

***അബൂ അൻഹൽ***
***ചെറുകുളമ്പ്***

**അ**ല്ലാഹുവിന്റെ കിതാബിലോ പ്രവാചകവര്യന്റെ ചര്യയിലോ പ്രവാചക ശിഷ്യന്മാരുടെ ജീവിതത്തിലോ ഒന്നും ഒരുതരത്തിലുമുള്ള ശൈഖവതാര സങ്കൽപമോ ഔലിയാ ബിസിനസ്സോ മുരീദ് പടയോ ത്വരീഖത്തോ ഇല്ല. പിൽക്കാലത്ത് സ്വൂഫിസം വളർന്നുവന്നപ്പോൾ മുളച്ചുപൊങ്ങിയവയാണ് ത്വരീഖത്തുകൾ. അക്കൂട്ടത്തിൽ ഒറിജിനലും വ്യാജനും തെരയാൻ മിനക്കെടുന്നതിനേക്കാൾ ഭേദം കൂരിരുട്ടിൽ കരിമ്പൂച്ചയെ തപ്പുകയാണ്. കണ്ണിന്റെ തിളക്കം കൊണ്ടെങ്കിലും ചിലപ്പോൾ കരിമ്പൂച്ചയെ തിരിച്ചറിഞ്ഞെന്നു വരും. സദ്‌വൃത്തരും സാത്വികരും സംശുദ്ധരും ഭക്തരുമായ മഹാത്മാക്കൾ മുസ്‌ലിംസമൂഹത്തിൽ എക്കാലത്തും ഉണ്ടായിരുന്നു. തന്റെ ഇഷ്ടദാസരെ അല്ലാഹു പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേകമായി അനുഗ്രഹിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഈ മഹാത്മാക്കളിൽ ഒരാൾ പോലും ഒരിക്കലും താൻ വലിയ്യാണെന്ന് അവകാശപ്പെട്ടിരുന്നില്ല, വിലായത്ത് മൂലധനമാക്കി ധനം സമ്പാദിച്ചിരുന്നുമില്ല. ഇന്നത്തേതുപോലുള്ള ത്വരീഖത്ത് വ്യവസായവും ഇസ്‌ലാമിന്റെ നല്ല കാലങ്ങളിൽ കാണാനാവില്ല. ഈ സത്യം മുസ്‌ലിംസമൂഹത്തോട് തുറന്നുപറയുകയാണ് ത്വരീഖത്തിന്റെ പേരിലെ വ്യാജചരക്കുകൾക്കെതിരെ പ്രചാരണത്തിനിറങ്ങുന്ന പണ്ഡിത സംഘങ്ങളും അവരുടെ യുവ കൂട്ടായ്മകളും വേണ്ടത്.

## തെരുവു നാടകങ്ങൾ

■ *സോളിഡാരിറ്റി തെരുവ് നാടകങ്ങൾ നടത്താറുണ്ട്. ഇതിന്റെ ഇസ്‌ലാമിക മാനമെന്താണ്? ജമാഅത്തെ ഇസ്‌ലാമിയുടെ അറിവോടും അംഗീകാരത്തോടും കൂടി ടെലിഫിലിം നിർമാണവും നടക്കുന്നു. ചില ടെലിഫിലിമുകളിൽ ജുമുഅ ഖുത്വ്ബ നിർവഹിക്കുന്നവർ അഭിനയിച്ചതായി കാണുന്നു. നല്ല സന്ദേശം പ്രചരിപ്പിക്കാനാണെങ്കിലും സത്യവിശ്വാസികൾ വിവിധ വ്യക്തിത്വങ്ങളെ അഭിനയിച്ചു ഫലിപ്പിക്കുന്നതിന് ഇസ്‌ലാം അനുവാദം നൽകിയിട്ടുണ്ടോ? ഇതിന് ഖുർആനിലും സുന്നത്തിലും വല്ല തെളിവുമുണ്ടോ?*

***എ.ടി ഷാജി, മമ്പാട്***

**ഇ**സ്‌ലാമിനെ ഹിക്മത്തോടെ കാലോചിതമായ ശൈലിയിൽ വേണം പ്രബോധനം ചെയ്യാൻ. പ്രവാചകന്മാരുടെ ജീവിതം തന്നെയാണ് മാതൃക. അവരിൽ ഓരോരുത്തർക്കും അല്ലാഹു നൽകിയ അമാനുഷിക ദൃഷ്ടാന്തങ്ങൾ കാലഘട്ടത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്തായിരുന്നുവല്ലോ. മുസ്‌ലിം സമൂഹം ഇന്ന് സ്വീകരിച്ചിരിക്കുന്ന മദ്റസാ പ്രസ്ഥാനമോ പ്രസിദ്ധീകരണാലയങ്ങളോ ഇന്റർനെറ്റ് സംവിധാനമോ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളോ ഒന്നും പ്രവാചകന്റെ കാലത്ത് ഉണ്ടായിരുന്നില്ല. അവസരത്തിനൊത്ത് ഉയർന്ന് പ്രബോധകർ അവയൊക്കെ ഉപയോഗപ്പെടുത്തുകയാണ്. അതുപോലെയാണ് നാടകങ്ങളും. നാടകം ഹലാലാക്കാൻ മാത്രം ഖുർആൻ സൂക്തങ്ങളും ഹദീസും തെരയേണ്ട കാര്യമില്ല. ശരീഅത്ത് വ്യക്തമായി ഹറാമാക്കിയതൊഴിച്ച് മറ്റെല്ലാം അനുവദനീയമാണ് എന്നതാണ് അംഗീകൃത പ്രമാണം. നാടകം ഉദ്ദേശിച്ചല്ലെങ്കിലും പുരുഷവേഷം കെട്ടുന്ന സ്ത്രീയെയും സ്ത്രീവേഷം കെട്ടുന്ന പുരുഷനെയും നബി(സ) ശപിച്ചതായി ഹദീസുകളിലുണ്ട്. അതുപോലും സ്ത്രൈണ ഭാവം സ്വീകരിക്കുന്ന പുരുഷന്മാർക്കും പൗരുഷശൈലി സ്വീകരിക്കുന്ന സ്ത്രീകൾക്കുമാണ് പ്രഥമദൃഷ്ട്യാ ബാധകമാവുക. എങ്കിലും നാടകത്തിലോ സിനിമയിലോ ആയാലും സ്ത്രീ-പുരുഷ കൃത്രിമവേഷങ്ങൾ ഒഴിവാക്കുന്നതാണ് സൂക്ഷ്മത. ഏത് കലാരൂപവും ധാർമികമായി സംശുദ്ധവും ലക്ഷ്യം ക്രിയാത്മകവുമായിരിക്കണമെന്നത് മറ്റൊരു കാര്യമാണ്.

## ഖബ്ർ സിയാറത്ത്

■ *കേരളത്തിലെ പരിഷ്കരണ പ്രസ്ഥാനക്കാർക്ക് ഖബ്ർ സിയാറത്ത് ഖബ്ർ പൂജയാണ്, മുഹ്‌യിദ്ദീൻ ശൈഖ് അവരുടെ കണ്ണിലെ കരടാണ്. തനി ഖുറാഫാത്തും ശിർക്കിന്റെ കൂടാരവുമായാണ് ജമാഅത്തുകാർ മുഹ്‌യിദ്ദീൻ മാലയെ പരിചയപ്പെടുത്തിയത്. എന്നാൽ ജമാഅത്തിന്റെ കേരള ഘടകത്തിന്റെ ഔദ്യോഗിക സ്ഥാപനമായ ശാന്തപുരം അൽ ജാമിഅ അൽ ഇസ്‌ലാമിയ പ്രസിദ്ധീകരിക്കുന്ന അൽജാമിഅ അറബി മാഗസിന്റെ മൂന്നാം ലക്കത്തിൽ മുഹ്‌യിദ്ദീൻ ശൈഖിനെ പുകഴ്ത്തുകയും ശൈഖിനെ പുകഴ്ത്തിയ മാല ദീർഘമായ കാവ്യസമാഹാരമാണെന്ന് പറയുകയും ചെയ്യുന്നു. മാലയും മൗലിദും അറബിയിലെത്തുമ്പോൾ മൗദൂദിയൻബുദ്ധി പത്തിമടക്കുന്നു........ എന്താണ് സത്യം?*

***ആസിഫ്, പുതുപ്പണം***

**ഖ**ബ്ർ സന്ദർശനം നബി(സ) നിരോധിച്ചിരുന്നു. പിന്നീട് തന്റെ ശിഷ്യന്മാർ ശിർക്കിൽനിന്ന് തീർത്തും മുക്തരായി തൗഹീദിൽ അടിയുറച്ചു എന്ന് കണ്ടപ്പോൾ തിരുമേനി വിലക്ക് എടുത്തുകളഞ്ഞു. "ഞാൻ നിങ്ങളെ ഖബ്റുകൾ സന്ദർശിക്കുന്നതിൽനിന്ന് വിലക്കിയിരുന്നു. എന്നാൽ ഇനി നിങ്ങൾ അവ സന്ദർശിച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ അത് നിങ്ങളെ പരലോകത്തെക്കുറിച്ച് ഓർമിപ്പിക്കും" (മുസ്‌ലിം, ഇബ്നുമാജ, അബൂദാവൂദ്). മുൻ സമുദായങ്ങൾ ഏകദൈവവിശ്വാസത്തിൽനിന്ന് വ്യതിചലിക്കാനുള്ള മുഖ്യ കാരണങ്ങളിലൊന്നായി ഖബ്ർ സന്ദർശനത്തെ നബി(സ) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അദ്ദേഹം അത് പിൽക്കാലത്ത് അനുവദിച്ചതുതന്നെ മരണത്തെയും മരണാനന്തര ജീവിതത്തെയും ഓർക്കാനാണ്. അല്ലാതെ ഖബ്റടക്കപ്പെട്ടവരെ മഹത്വവത്കരിക്കാനോ അവരോട് പ്രാർഥിക്കാനോ അല്ല. നബി(സ) അനുവദിച്ച ഖബ്ർ സിയാറത്ത് സുന്നത്താണെന്ന കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെ ആർക്കും മുമ്പേ ഭിന്നാഭിപ്രായം ഉണ്ടായിട്ടുമില്ല. റസൂൽ(സ) കർക്കശമായി വിലക്കിയ ശവകൂടീര നിർമാണത്തെയും ജാറം കെട്ടിപ്പൊക്കുന്ന ബിദ്അത്തുകളെയും എതിർക്കുക എന്നാൽ ഖബ്ർ സിയാറത്ത് എതിർക്കുന്നു എന്നല്ല അർഥം.

മഹാനായ പണ്ഡിതനും സാത്വികനായ ഭക്തനും ആയിരുന്നു ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി(റ). താൻ ദിവ്യനോ പ്രവാചകനോ മഹ്ദിയോ ആണെന്ന് ജീവിതത്തിലൊരിക്കലും അദ്ദേഹം അവകാശപ്പെട്ടിരുന്നുമില്ല. പിൽക്കാലത്ത് പരിധിവിട്ട മുരീദന്മാരാണ് അദ്ദേഹത്തിൽ ദിവ്യത്വപരിവേഷം വെച്ചുകെട്ടിയത്. അതിന്റെ ഭാഗമാണ് *മുഹ്‌യിദ്ദീൻ മാല* എന്ന പേരിൽ അറിയപ്പെടുന്ന ഐതിഹ്യമാല. കാവ്യഭാവനയുടെ ഹൃദ്യമായ ഉദാഹരണങ്ങൾ *മുഹ്‌യിദ്ദീൻ മാല*യിലുണ്ട്. എന്നാൽ അതിൽ പറഞ്ഞ കാര്യങ്ങളധികവും സത്യമല്ല. സത്യമാണെന്ന് വിശ്വസിക്കാനും പറ്റില്ല. പുണ്യത്തിനോ മറ്റു മതപരമായ ആവശ്യങ്ങൾക്കോ ചൊല്ലേണ്ട കൃതിയുമല്ല അത്. ഇതിൽനിന്ന് ഭിന്ന

മായി മലയാളത്തിലോ അറബിയിലോ ജമാഅത്തെ ഇസ്‌ലാമിക്കാർ ഒന്നും എഴുതുകയോ പറയുകയോ ചെയ്തിട്ടില്ല. ശിർക്ക്-ബിദ്അത്തുകളിൽ അകപ്പെട്ട് ബുദ്ധി മരവിച്ചുപോയവർ കിട്ടുന്ന വൈക്കോൽ തുരുമ്പിലൊക്കെയും തൂങ്ങാൻ നോക്കുകയാണ്. അറ്റുവീഴുകയാവും ഫലം.

## ഇത് ഏതു ഖുർആനിൽ?

■ *"...... ജനങ്ങൾ പങ്കെടുക്കുന്ന സദസ്സുകളിൽ ഏറ്റവും ശ്രേഷ്ഠം മുഹമ്മദ് നബിയുടെ ജന്മദിനം ആഘോഷിക്കുന്ന സദസ്സുകൾ തന്നെയാണെന്നും വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടിയത് അദ്ദേഹം ഓർമിപ്പിച്ചു." തിരുവനന്തപുരത്ത് എസ്.വൈ. എസ്സും എസ്.എസ്.എഫും ചേർന്ന് സംഘടിപ്പിച്ച 'പ്രവാചകസ്നേഹ സംഗമം 2007'- കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നടത്തിയ പ്രസംഗത്തിൽനിന്നാണ് മേൽ ഉദ്ധരണി (സിറാജ് ദിനപത്രം 9.4.2007). മേൽ പറഞ്ഞ രീതിയിൽ നബിയുടെ ജന്മദിനം ആഘോഷിക്കണമെന്ന നിർദേശം ഖുർആനിൽ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത് അധ്യായത്തിൽ എത്രാമത്തെ സൂക്തത്തിലാണ്?*

***പി.കെ അബ്ദുർറബ്ബ്***
***മുഴപ്പിലങ്ങാട്***

**ചോ**ദിക്കേണ്ടത് അബൂബക്കർ മുസ്‌ലിയാരോടും അനുയായികളോടും തന്നെയാണ്. അല്ലാഹു അവതരിപ്പിച്ചതും ഇന്നും സംരക്ഷിച്ചുവരുന്നതുമായ വിശുദ്ധ ഖുർആനിലെ ആയത്തുകളിൽ ഒന്നിലും നബി(സ)യുടെ ജന്മദിനം ആഘോഷിക്കുന്നതിനെക്കുറിച്ച സൂചനയെങ്കിലുമുള്ളതായി ഖുർആൻ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയിട്ടില്ല. മുസ്‌ലിയാർ അങ്ങനെ പ്രസംഗിച്ചിട്ടില്ലെങ്കിൽ തെറ്റായി റിപ്പോർട്ട് ചെയ്ത സ്വന്തം പത്രത്തെ തിരുത്തുന്നതാണ് ശരി.

## കർമശാസ്ത്ര ഭിന്നതകൾ

■ *ജമാഅത്തെ ഇസ്‌ലാമി കർമശാസ്ത്ര ഭിന്നതകൾ സങ്കീർണമാക്കാറില്ല എന്ന് അവകാശപ്പെടുന്നു. സ്വുബ്ഹ് നമസ്കാരത്തിലെ ഖുനൂതിലും ജുമുഅ ഖുത്ബയിലും നമസ്കാരാനന്തര കൂട്ടു പ്രാർഥനയിലും ജമാഅത്ത് അസ്വാഭാവികത കാണുന്നില്ല. പക്ഷേ, ഇതിന്റെ പേരിൽ സുന്നികളിൽനിന്ന് ജമാഅത്ത് ഏറെ വെറുപ്പും വിമർശനവും നേരിടുന്നു. എങ്കിലും ഖുനൂത്, ഖുത്ബ, കൂട്ടു പ്രാർഥന തുടങ്ങിയ കർമങ്ങളിലെ കർമശാസ്ത്രങ്ങളിൽ എന്നും ജമാഅത്ത് പിടിവാശിയിൽതന്നെയല്ലേ? നിർബന്ധിതാവസ്ഥയിലല്ലാതെ ഒരു ജമാഅത്ത് പ്രവർത്തകൻ സുന്നി പള്ളികളിൽ നമസ്കരിക്കാതിരിക്കുമ്പോൾ വിശേഷിച്ചും?*

***എൻ.പി പള്ളിക്കൽ***

**ക**ർമശാസ്ത്ര മദ്ഹബുകളിലെ ഭിന്നവീക്ഷണങ്ങൾ വേറെ; നബി(സ) മാതൃക കാട്ടിയിട്ടില്ലാത്ത ബിദ്അത്തുകൾ (നവ നിർമിതികൾ) വേറെ. രണ്ടും കൂട്ടിക്കുഴക്കരുത്. സ്വുബ്ഹ് നമസ്കാരത്തിലെ ഖുനൂത് ശാഫിഈ മദ്ഹബ് പ്രകാരം പ്രബല സുന്നത്താണ്. അങ്ങനെ വിശ്വസിക്കുന്നവർക്കും ജമാഅത്തെ ഇസ്‌ലാമിയിൽ ചേർന്നു പ്രവർത്തിക്കാം. ഖുനൂത് വേണ്ടെന്ന് വിശ്വസിക്കുന്ന മദ്ഹബുകാർക്കും സലഫികൾക്കും ജമാഅത്ത് അംഗത്വം സാധ്യമായ പോലെത്തന്നെ. നിർബന്ധിതാവസ്ഥയുടെ പ്രശ്നമൊന്നും ഇക്കാര്യത്തിലില്ല. നമസ്കാരാനന്തര കൂട്ടുപ്രാർഥന മദ്ഹബിന്റെ ഭാഗമല്ല. ജുമുഅ ഖുത്ബയിലെ ഫർദുകളൊഴിച്ചുള്ള കാര്യങ്ങൾ- ഉദ്ബോധനം- മാതൃഭാഷയിൽ പാടില്ലെന്ന് ഒരു മദ്ഹബും വിധിച്ചിട്ടില്ല. 'സമസ്ത' പണ്ഡിതന്മാരുടെ സ്വന്തമായ 'ഇജ്തിഹാദുകൾ' അവർക്ക് മാത്രം ബാധകമാണ്. മറ്റുള്ളവർക്കവ സ്വീകാര്യമാവണം എന്നില്ല. 1965 വരെ ആരാധനാ കർമങ്ങൾക്ക് ഉച്ചഭാഷിണി ഉപയോഗിക്കുന്നതുപോലും 'സമസ്ത' പണ്ഡിതന്മാർ വിലക്കിയിരുന്നല്ലോ.

●